**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ**
**ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ**
**ആരൂഢനായിരിക്കുന്ന**

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

No. 206/2024

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാർക്കും സഹപട്ടക്കാർക്കും ദേശത്തുപട്ടക്കാർക്കും പള്ളി കൈസ്ഥാനികൾക്കും ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

അത്യധികം ദുഃഖഭാരത്തോടെയാണ് ഈ കൽപന നാം നിങ്ങൾക്ക് എഴുതുന്നത്. കേരളം കണ്ടതിൽ വച്ച് ഏറ്റവും ഭീകരം എന്നുതന്നെ വിശേഷിപ്പിക്കാവുന്ന, തികച്ചും അപ്രതീക്ഷിതമായ ഒരു പ്രകൃതി ദുരന്തമാണ് വയനാട് ജില്ലയിൽ, പ്രത്യേകിച്ച് മുണ്ടക്കൈ, ചൂരൽമല, പുഞ്ചിരിമട്ടം, മുതലായ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഉണ്ടായിട്ടുള്ളത്. പാതിരാത്രിയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ ഒന്നിലധികം ഗ്രാമങ്ങൾതന്നെ ഒലിച്ചുപോയിരിക്കുന്നു. ഹൃദയഭേദകമായ ഈ കാഴ്ചകളെല്ലാം നിങ്ങൾ ദൃശ്യമാദ്ധ്യമങ്ങൾ വഴി കണ്ടുകാണുമല്ലോ. മരണസംഖ്യ ഓരോ മണിക്കൂറിലും ഉയർന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ സഹോദരങ്ങൾ കഷ്ടത്തിലും ദുരിതത്തിലുമായിരിക്കുന്ന അവസ്ഥയിൽ സ്വസ്ഥമായി കിടന്നുറങ്ങാൻ ഒരു ക്രിസ്ത്യാനിക്കും സാധിക്കുകയില്ലല്ലോ. ദുരന്ത ബാധിത പ്രദേശങ്ങളോട് അടുത്തുകിടക്കുന്ന നമ്മുടെ സുൽത്താൻബത്തേരി, മലബാർ ഭദ്രാസനങ്ങളിലെ മെത്രാപ്പോലീത്താമാരും വൈദികരും ആത്മീകസംഘടനാ പ്രവർത്തകരുമെല്ലാം സ്ഥലത്തെത്തി വിവിധ രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. പെട്ടെന്ന് അത്യാവശ്യമായി വന്ന മരുന്നുകൾ, ഭക്ഷണം, വസ്ത്രങ്ങൾ എന്നിവ എത്തിച്ചുകൊടുക്കുവാൻ അവർ ശ്രമിച്ചുകൊണ്ടാണിരിക്കുന്നത്. അതിനായി അടിയന്തിര സാമ്പത്തിക സഹായം സുൽത്താൻബത്തേരി ഭദ്രാസന മെത്രാപ്പോലീത്തായുടെ അക്കൗണ്ടിലേക്ക് അയച്ചു കൊടുക്കണമെന്ന് നാം നേരത്തേതന്നെ ആഹ്വാനം ചെയ്തിരുന്നല്ലോ. അഞ്ചുലക്ഷം രൂപാ സഭയിൽ നിന്നും അടിയന്തിരമായി നൽകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ദുരന്തത്തിന്റെ വ്യാപ്തി ആദ്യം സങ്കൽപ്പിച്ചിരുന്നതിനേക്കാൾ വളരെ വലുതാണ് എന്ന് ഓരോ നിമിഷം പിന്നിടുമ്പോഴും മനസിലായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, വയനാട്ടിലെ ദുരന്തത്തിലകപ്പെട്ടവരെ ദീർഘകാല അടിസ്ഥാനത്തിൽ സഹായിക്കുന്നതിന്റെ ഭാഗമായി, സകലതും നഷ്ടപ്പെട്ട ജനതയ്ക്ക് ഉചിതമായ സ്ഥലങ്ങളിൽ വാസയോഗ്യമായ ഭവനങ്ങൾ നിർമ്മിച്ചു നൽകുവാൻ നാം ആഗ്രഹിക്കുന്നു. സഭയുടെ ദേശീയ പ്രകൃതിദുരന്തനിവാരണ സമിതിയുടെ (NARSOC) പ്രസിഡന്റ് ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തായുടെയും നമ്മുടെ ആലോചനാ സമിതിയുടെയും നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ടാണ് പദ്ധതികൾ തയ്യാറാക്കി വരുന്നത്. പത്തുലക്ഷം രൂപായുടെ അമ്പതു വീടുകൾ എങ്കിലും നിർമ്മിച്ചു കൊടുക്കണമെന്നാണ് നമ്മുടെ ആഗ്രഹം. ഈ സംരംഭത്തിലേക്ക് എല്ലാ സഭാമക്കളുടെയും സഹായ സഹകരണങ്ങൾ നാം പ്രതീക്ഷിക്കുകയാണ്. ഇടവകകളിൽ നിന്നും, വ്യക്തികളിൽ നിന്നും ആത്മീക സംഘടനാ പ്രവർത്തകരിൽ നിന്നും വീടുകൾ സ്പോൺസർ ചെയ്യുന്നത് സ്വാഗതാർഹമാണ്. ഇൻഡ്യയിൽ നിന്നുള്ള സംഭാവനകൾ സഭയുടെ പ്രകൃതിദുരന്തനിവാരണ ഫണ്ടിനുവേണ്ടി ചെക്കായി നൽകുകയോ താഴെപറയുന്ന അക്കൗണ്ടിലേക്ക് നേരിട്ടു നിക്ഷേപിക്കുകയോ ചെയ്യാവുന്നതാണ്. *Natural Calamities Fund, Malankara Orthodox Syrian Church, Account No. 57017053190, IFSC: SBIN0070820.* നേരിട്ട് നിക്ഷേപിക്കുമ്പോൾ തൽസംബന്ധമായ എല്ലാ വിവരങ്ങളും, പള്ളിയുടെ പേരും, *catholicateoffice@mosc.in* എന്ന വിലാസത്തിലേക്ക് *ഇ-മെയിൽ* ആയോ, *9496938330* എന്ന നമ്പരിലേക്ക് *വാട്ട്സാപ്പ്* സന്ദേശമായോ അയച്ചുതരേണ്ടതാണ്. പണമായി നൽകുന്നവരുടെ സംഭാവനകൾ അതാത് ഇടവകകൾ സമാഹരിച്ച് നൽകേണ്ടതാണ്. വിദേശ കറൻസിയിൽ നൽകുവാൻ ആഗ്രഹിക്കുന്നവർ അതത് ഭദ്രാസന കേന്ദ്രങ്ങൾ വഴി സഭയുടെ FCRA അക്കൗണ്ടിലേക്ക് പണം അയയ്ക്കേണ്ടതാണ്.

സമയബന്ധിതമായി ഇക്കാര്യങ്ങളെല്ലാം നിർവഹിക്കേണ്ടിയിരിക്കുന്നതിനാൽ എത്രയും വേഗം നിങ്ങളുടെ സംഭാവനകൾ സമാഹരിച്ച് പള്ളികളുടെ നേതൃത്വത്തിൽ ഭദ്രാസന മെത്രാപ്പോലീത്താമാരുടെ അറിവോടെ എത്തിച്ചുതരേണ്ടതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

2024 ഓഗസ്റ്റ് മാസം 2 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**